## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1230 — 21.03.2013 ൽ - മറുപടിക്ക്

### റേഷൻ സമ്പ്രദായം ആധുനികവത്ക്കരിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>,, കെ. ശിവദാസൻ നായർ :<br>,, എം. എ. വാഹീദ് :<br>,, ജോസഫ് വാഴക്കൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ സമ്പ്രദായം ആധുനികവത്ക്കരിക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുതപദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) ഈ പദ്ധതി നാല് ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.<br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കുക.<br>3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായി അയാൾക്ക് ലഭ്യമാക്കുക.<br>4. ഉപഭോക്താക്കൾക്ക് സുതാര്യമായ ഒരു പരാതി പരിഹാര സംവിധാനം സജ്ജമാക്കുക. |
| (സി) പദ്ധതിയിലൂടെ റേഷൻ വിതരണ രംഗത്ത് വരുത്തുവാൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ വിശദമാക്കുമോ; | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിൽ ബയോമെട്രിക് അഥവാ സ്മാർട്ട് കാർഡ് പരിശോധന ചെയ്യുന്നതിനുള്ള പി.ഒ.എസ്. മെഷീനുകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. ഇതിലൂടെ റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ ദുരുപയോഗം പൂർണ്ണമായി ഒഴിവാക്കുവാൻ സാധിക്കും |
| (ഡി) പദ്ധതി നടപ്പാക്കുവാൻ കേന്ദ്രത്തിൽ നിന്നും എന്തു തുകയാണ് ലഭിക്കുന്നത്? | (ഡി) ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡപ്രകാരം ചെലവാക്കുന്ന തുകയുടെ 50% കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുകയും സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന തുക സംസ്ഥാനം തന്നെ വഹിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ